# ട്രൈഫെഡ് ഷോറൂം എറണാകുളം സന്ദർശന റിപ്പോർട്ട്

# ട്രൈബ്സ് ഇന്ത്യ ഷോറൂം - ഫോർട്ട് കൊച്ചി –എറണാകുളം

**സന്ദർശനം നടത്തിയ തിയ്യതി-**

**07-11-2017**

## സന്ദർശന ലക്ഷ്യങ്ങൾ

1. ട്രൈബ്സ് ഇന്ത്യ ഷോറൂമിനെ കുറിച്ച് പഠിക്കൽ
2. ട്രൈബ്സ് ഇന്ത്യ ഷോറൂമിലെ ഉൽപ്പന്നങ്ങളെ കുറിച്ച് പഠിക്കൽ
3. ട്രൈബ്സ് ഇന്ത്യ ഷോറൂമിൽ ലഭ്യമായ കേരള ട്രൈബൽ ഉത്പന്നങ്ങളെ കുറിച്ച് പഠിക്കൽ
4. കുടുംബശ്രീ മുഖാന്തിരം ഉള്ള പട്ടികവർഗ അയൽക്കൂട്ടങ്ങളുടെ കീഴിൽ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ ട്രൈബ്സ് ഇന്ത്യ ഷോറൂം വില്പന ചെയ്യാൻ സാധിക്കുമോ എന്ന പഠനം നടത്തുക.

# ട്രൈഫെഡ് -ട്രൈബ്സ് ഇന്ത്യ ഷോറൂം

കേന്ദ്ര പട്ടികവർഗ വികസന മന്ത്രാലയം മുഖാന്തിരം ഫണ്ട് ലഭ്യമാക്കി എല്ലാ സംസ്ഥാനങ്ങളിലും പ്രധാന വിപണന പ്രദേശങ്ങൾ തിരഞ്ഞെടുത്തു പട്ടിക വർഗ വിഭാഗക്കാരായവരുടെ കരകൗശല ഉത്പന്നങ്ങളും പരമ്പരാഗത ഉത്പന്നങ്ങളും വിപണി നടത്താൻ ചെയ്തിരിക്കുന്ന കിയോസ്കുകൾ ആണ് ട്രൈബ്സ് ഇന്ത്യ ഷോറൂം. ട്രൈബൽ കോ ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ്പ് മെന്റ് ഫെഡറേഷൻ ലിമിറ്റഡ് എന്ന അഖിലേന്ത്യാടിസ്ഥാനത്തിൽ ഉള്ള സ്ഥാപനത്തിന്റെ കീഴിലാണ് ട്രൈബ്സ് ഇന്ത്യ ഷോറൂം പ്രവർത്തിക്കുന്നത് ഇന്ത്യയിൽ അകെ 41 ഷോറൂം ട്രൈബ്സ് ഇന്ത്യക്കുണ്ട്..

എല്ലാ സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണ പ്രദേശങ്ങളിലും, പ്രധാന വിമാന താവളങ്ങളിലും ട്രൈബ്സ് ഇന്ത്യ ഷോറൂം പ്രവർത്തിക്കുന്നുണ്ട്. പ്രധാന വിനോദ സഞ്ചാര മേഖലകൾ കേന്ദ്രീകരിച്ച് ആണ് ഇത്തരം ഷോറൂമുകൾ ആരംഭിച്ചിട്ടുള്ളത്.

കേരളത്തിൽ അകെ ട്രൈബ്സ് ഇന്ത്യക്കു ഒരു ഷോറൂം മാത്രമേ ഉള്ളു. ഇത് കൊച്ചിയിൽ ആണ് . കേരളത്തിന് തൊട്ടടുത്ത് ഇത്തരം ഷോറൂം ഷോറൂം ഉള്ളത് തമിഴ്നാട് ഉള്ള കന്യാകുമാരിയിൽ ആണ്.

കൊച്ചി ഷോറൂമിൽ ഏറ്റവും കൂടുതൽ വിദേശികൾ ആണ് വിവിധ ഉത്പന്നങ്ങൾ വാങ്ങിക്കുവാൻ എത്തുന്നത്. എല്ലാവർഷവും നവംബർ മുതൽ അടുത്ത വർഷം ഏപ്രിൽ മാസം വരെയാണ് കൂടുതൽ വിദേശികൾ എത്തുന്നതും ഉത്പന്നങ്ങൾ വിറ്റഴിഞ്ഞു പോകുന്നതും. പിന്നീടുള്ള ആറു മാസം കാര്യമായ കച്ചവടം നടക്കാറില്ല. ഒരു കമ്മീഷൻ വ്യവസ്ഥയിൽ നിന്ന് വ്യത്യസ്തമായി ഉപഭോക്താവിന് നേരിട്ട് ആവശ്യമായ ഡിസ്കൗണ്ട് നൽകിയാണ് ഉത്പന്നങ്ങൾ വില്പന നടത്തുന്നത്. ഇതിനാവശ്യമായ പണം കേന്ദ്ര പട്ടിക വർഗ വികസന മന്ത്രാലയം സബ്സിഡി ആയി നൽകുന്നുണ്ട്.

## പ്രധാന ഉൽപ്പന്നങ്ങൾ വില്പന ചെയ്യുന്നത്

1. തുണിത്തരങ്ങൾ
   - രാജസ്ഥാൻ -ബെഡ് ഷീറ്റ് , ഷാൾ
   - അസം , ഗുജറാത്ത്, ഒഡിഷ, യിൽ നിന്നും കുർത്തകൾ
   - മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തിസ് ഗ്രഹ് , ഒഡിഷ സാരികൾ
   - ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് , ജമ്മു ആൻഡ് കാശ്മീർ കമ്പിളി ഉത്പന്നങ്ങൾ
   - തമിഴ് നാടിലെ ടോഡ ഷാൾ
2. ആഭരണങ്ങൾ
   - ഒഡിഷയിലെ ഡോക്കറി ജ്വൽസ്
   - നോർത്ത് ഈസ്റ്റ് നാഗാലാൻഡ്, മണിപ്പൂർ, അരുണാചൽ പ്രദേശ് ലെ നാഗ ജ്വൽസ് , ഡോക്കറി ജ്വൽസ്.
   - ഹിമാചൽ പ്രദേശിലെ ഹിമാചൽ ജ്വൽസ്
3. ഗിഫ്റ് ഐറ്റംസ്
   - ഗുജറാത്ത് തോരണം,
   - ആന്ധ്രാപ്രദേശ് പേഴ്സ് , ബാഗ്, തുണി ബാഗുകൾ
   - രാജസ്ഥാൻ ജൂട്ട് ഫയൽസ്, പ്രതിമകൾ
   - ഹിമാചൽ പ്രദേശ്, ഡ്രൈ ഫ്ളവർ
4. മൺപാത്രങ്ങൾ , ലോഹ ഉത്പന്നങ്ങൾ
   - മണിപ്പുർ കറുത്ത മൺപാത്രങ്ങൾ, കല്ലിൽ കൊത്തിയെടുത്ത പ്രതിമകൾ
   - ഛത്തീസ്ഗഡ്, ഒഡിഷ , ആന്ധ്രാപ്രദേശ്, ജാർഖണ്ഡ് പിത്തള ലോഹ ചെറു പ്രതിമകൾ, ലോഹ ആഭരണങ്ങൾ
5. ട്രൈബൽ പെയിന്റിംഗ്
   - ഒഡിഷ പനയോല പെയിന്റിംഗ്
   - നോർത്ത് ഈസ്റ്റ് നാച്ചുറൽ പെയിന്റിംഗ്
   - ഛത്തിസ്ഗഢ്, മധ്യപ്രദേശ് ലെ തുണിയിലുള്ള ഓയിൽ പെയിന്റ്
6. മുള ഉത്പന്നങ്ങൾ, ചൂരൽ ഉത്പന്നങ്ങൾ

- കേരളത്തിലെ വയനാട് ജില്ലയിൽ നിന്നും ഉള്ള മുള കൊണ്ടുള്ള ലാംപ് ഷെയ്ഡ്
- നോർത്ത് ഈസ്റ്റിലെ മുള കൊണ്ടുള്ള വിവിധ ഉപകരണങ്ങൾ, ചൂരൽ കൊണ്ടുള്ള വിവിധ ഉത്പന്നങ്ങൾ

7. ഓർഗാനിക് ഉത്പന്നങ്ങൾ

    - ആസാം ഡാർജിലിംഗ് തേയില
    - ആന്ധ്രാ പ്രദേശ് നാച്ചുറൽ സോപ്പ്
    - തമിഴ് നാട് നാച്ചുറൽ ഹണി

8. ഉത്തരാഖണ്ഡിലെ ജാക്കറ്റ്, ലേഡി ജാക്കറ്റ്
9. നോർത്ത് ഈസ്റ്റിലെ സിൽക്ക് വസ്ത്രങ്ങൾ

## ട്രൈഫഡിലെ വില്പന

1. സീസൺ കാലങ്ങളിൽ ഒരു മാസം 24 ലക്ഷം രൂപയുടെ കച്ചവടം നടക്കാറുണ്ട്
2. 10 % ശതമാനം ഡിസ്കൗണ്ട് നേരിട്ട് ഉപഭോക്താക്കൾക്ക് നൽകുന്നു
3. 15% ശതമാനം ഉത്സവകാലങ്ങളിൽ ഡിസ്കൗണ്ട് നൽകുന്നു
4. വിറ്റഴിക്കൽ മേള യിൽ 50 % ശതമാനം ഡിസ്കൗണ്ട് ഉപഭോക്താക്കൾക്ക് നല്കന്നു.
5. സ്റ്റോക്ക് ക്ലീയറൻസ് സെയിൽസ് എല്ലാ 3 വർഷവും കൂടുമ്പോൾ നടത്തുന്നു
6. ഇ കോമേഴ്സ് വഴിയും ഉത്പന്നങ്ങൾ വിപണനം നടത്തുന്നു
7. സ്നാപ്പ് ഡീൽ വഴിയും ട്രൈബ്സ് ഇന്ത്യ ഉത്പന്നങ്ങൾ വിൽകാറുണ്ട്

## പ്രധാന കണ്ടെത്തലുകൾ

- കേരളത്തിലെ ട്രൈബൽ ഉത്പന്നങ്ങളുടെ ലഭ്യത കുറവ്
- കേരളത്തിൽ ചെയ്തെടുക്കാവുന്ന ഉത്പന്നങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇവിടെയെത്തുന്നു
- വൈവിധ്യവും ക്രമീകരണത്തിലും മികവ് പുലർത്തേണ്ടത് ഉത്പന്നങ്ങളുടെ വിപണി വർധിപ്പിക്കാൻ സാധിക്കുന്നു.

## കുടുംബശ്രീ ഇടപെടൽ സാധ്യതകൾ

1. ട്രൈബൽ മേഖലയിൽ കൂടുതൽ കരകൗശല വിദഗ്ദരുടെ സംരംഭം ആരംഭിക്കാവുന്നതാണ്
2. നിലവിലുള്ള കുടുംബശ്രീ ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ട്രൈബ്സ് ഇന്ത്യ ഷോറൂം വഴി വിപണിയിൽ എത്തിക്കുക
3. പട്ടികവർഗ മേഖലയിൽ നിന്നും ഉള്ള പരമ്പരാഗത വൈദ്യരുടെ സാധ്യത ഉപയോഗ പെടുത്തി വനവിഭവങ്ങൾ ഉൾപ്പെടെയുള്ള

ആയുർവേദ ഉത്പന്നങ്ങൾ ട്രൈബ്സ് ഇന്ത്യ ഷോറൂം വഴി വിപണിയിൽ എത്തിക്കുക

4. കേരളത്തിൽ ട്രൈബൽ വിദഗ്ദർ നിർമിക്കുന്ന മുള കൊണ്ടുള്ള ഉത്പന്നങ്ങൾ ഇന്ത്യയിലാകെ വിപണി നടത്തുക